

# ദുർഭാഷണത്തിന്റെ വേഗത

"Good news travel fast, bad news travel faster എന്നും Ill news travel fast" എന്നും ആംഗലേയ ഭാഷയിൽ ചൊല്ലുകൾ ഉള്ളപ്പോൾ മലയാളഭാഷയിൽ 'സത്യം ചെരുപ്പിടുമ്പോൾ അസത്യം കടൽകടക്കുന്നു' എന്നു പറയുന്നു. ഇലക്ട്രോണിക് മീഡിയക ളുടെ വളർച്ച വർദ്ധിച്ച ഈ കാലത്ത് ദൃശ്യശ്രവ്യ മാധ്യമങ്ങൾ മനു ഷ്യരുടെ നാവിനേക്കാൾ വേഗത്തിൽ വാർത്തകൾ പരത്തുന്നു. നല്ല വാർത്തകൾ പറയുവാൻ താല്പര്യമില്ലാത്ത ജനം ദുർവർത്തമാന മാണ് വേഗത്തിൽ പരത്തുന്നത്.

പാമ്പിന്റെ വിഷം അതിന്റെ പല്ലിലാണെങ്കിൽ, മനുഷ്യന്റെ വിഷം അവന്റെ നാവിലാണ്. പാമ്പ് കടിക്കുമ്പോൾ വിഷം പുറത്തു വരുന്നു. വിഷമുള്ള മനുഷ്യർ സംസാരിക്കുമ്പോൾ നാവിൽകൂടി വിഷം പുറത്തുവരുന്നു. പാമ്പിന്റെ വിഷം മനുഷ്യശരീരത്തിൽ പട

രുന്നതുപോലെ, വിഷമുള്ള മനുഷ്യന്റെ നാവിൽനിന്നുവരുന്ന വിഷ വാക്കുകൾ സമൂഹത്തിൽ പടരുന്നു. മറ്റുള്ളവരെക്കുറിച്ച് മോശ മായി സംസാരിക്കുന്ന വാക്കുകൾ വേഗത്തിൽ പരത്തുന്നത് ജന ത്തിന് ഇഷ്ടമുള്ള കാര്യമാണ്. പട്ടണത്തിലും ഗ്രാമത്തിലും മിന ക്കെട്ടു നടക്കുന്ന ദുഷ്ടന്മാരെ ചേർത്ത് പുരുഷാരത്തെ ഇളക്കി , എന്ന് അപ്പോ:(17:5) ൽ കാണുന്നു. ദുഷ്ടത പ്രവർത്തിപ്പാനുള്ള ദൂത് എളുപ്പം പ്രചരിപ്പിക്കുക മിനക്കെട്ട് നടക്കുന്നവരാണ്. “A Lazymind is the workshop of the devil”. ആംഗലേയകവി ജോൺമിൽട്ടൺ ന്റെ വാക്കുകൾ ഇവിടെ അർത്ഥഗർഭമാണ്. ‘The mind in its own place and in itself can make’ a Hell of Heaven and a Heaven of Hell’. വചനം പറയുന്നു ഹൃദയ ത്തിൽ നിരൂപിക്കുന്നത് വായ് സംസാരിക്കുന്നു.

യേശുവിന്റെ പരസ്യശുശ്രൂഷാവേളയിലും വാർത്തകൾ ഇതുപോലെ വേഗത്തിൽ പരത്തുന്ന മനുഷ്യർ ഉണ്ടാ യിരുന്നു.നല്ല മനസ്സിനെ നന്മയുടെ വാർത്തകൾ സന്തോഷിപ്പിക്കു ന്നു. എന്നാൽ അതേ വാർത്തതന്നെ അല്പം പൊടിപ്പും തൊങ്ങലും ചേർത്ത് പ്രചരിപ്പിക്കുവാനാണ് ഏഷണിക്കാരുടെ താല്പര്യം. ഗെരസേന്യദേശത്തെ ദുതഗ്രസ്ഥന് യേശു സൗഖ്യം നൽകിയത് കുറച്ചു പേർക്ക് സന്തോഷമായി കാണും എന്നു കരു താം. എന്നാൽ ഭൂരിപക്ഷവും തങ്ങളുടെ നാവിനാൽ വാർത്ത പ്രച രിപ്പിച്ച് ദോഷം ചെയ്യുകയായിരുന്നു. ഇവിടെ ഒരു മനുഷ്യനെ യേശു രക്ഷിച്ചപ്പോൾ അവനിലെ ഭൂതങ്ങൾ പന്നിക്കുട്ടത്തിൽ കയറി അവ ചത്തൊടുങ്ങി. ഭൂലോകത്തേക്കാൾ വിലയുള്ള ഒരു മനുഷ്യന് ലഭിച്ച വിടുതലിനെ പറ്റിയല്ല വാർത്തകൾ പ്രചരിച്ചത്, പന്നികൾ ചത്തതിനെപ്പറ്റിയും അതിന് കാരണക്കാരനായവനെപ്പറ്റിയുമാണ്. വാർത്ത പരത്തുന്നവർ സമാധാനം നഷ്ട്ടപ്പെടുത്തുന്നവരാണ്. പന്നിയെ മേയ്ക്കുന്നവരാണ് ഈ വിവരം പട്ടണത്തിലും നാട്ടിലും അറിയിച്ചത്. അങ്ങനെ വാർത്ത പരന്നു. ആ ദേശത്തെ ജനമെല്ലാം ഭയപരവശരായി അവരുടെ സമാധാനം നശിപ്പിച്ചവനായ യേശുവി നോട് പട്ടണം വിട്ടുപോകുവാൻ ആവശ്യപ്പെടുകയും ചെയ്തു. ( ലൂക്കോ:8:34,37)

[ദക്കപ്പോലിസ് എന്ന പത്തു പട്ടണങ്ങളിലൊന്നാണ് ഗെദരപട്ടണം. ഇവിടുത്തെ ജനങ്ങൾ ഭൂരിപക്ഷവും പുറജാതികളാണ്. ഇവരുടെ തൊഴിൽ പന്നിയെ തീറ്റി വളർത്തുകയാണ്. പന്നി അശുദ്ധ മൃഗമാകയാൽ യെഹൂദന്മാർ ഈ തൊഴിൽ ചെയ്യാറില്ല.]

ദോഷങ്ങളെ പ്രചരിപ്പിക്കുന്നവർ ഭവനത്തിലോ, സഭയിലോ, സമൂഹത്തിലോ ഉണ്ടെങ്കിൽ അവർ ആയിരിക്കുന്നിടം തകരുമെന്നോർക്കുക. ഗെദരദേശക്കാർ ഒത്തുകൂടിയപ്പോൾ ചത്തപന്നിയുടെ വിലയേ കണ്ടുള്ളൂ. യേശുവിന്റെ സാന്നിദ്ധ്യം നഷ്ടമാക്കിയത് , പന്നിയുടെ വിലയേക്കാൾ വിലയുള്ളതായിരുന്നു എന്നവർ മനസ്സിലാക്കിയില്ല. സദൃ: (15:4)ൽ പറയുന്നു “നാവിന്റെ ശാന്തത ജീവവൃക്ഷം, അതിന്റെ വക്രതയോ മനോവ്യസനം” എന്ന്. നമ്മുടെ നാവിനെ ശരിയായി ഉപയോഗിപ്പാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

ദുഷ്ടന്റെ വായെ സാഹസം മൂടുന്നു എന്ന വചനം ഞങ്ങൾക്കു തന്ന ദൈവമേ! നീതിമാന്റെ വായ് ഞങ്ങളുടെ വായാകുവാൻ അങ്ങ് സഹായിക്കേണമേ.
യേശുവിൻ നാമത്തിൽ തന്നേ,

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind